# അക്കാദമികമാസ്റ്റർ പ്ലാൻ

# 2025-26

**സെന്റ് തോമസ് എൽ .പി .എസ് ഉപ്പുകുളം ഉപ്പുകുളം പി ഒ**

**പാലക്കാട് 678 601**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

വിദ്യാലയത്തിലെ അക്കാദമികവും മറ്റു പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് പോകുവാൻ നിയമിതമായ ഒരു ചട്ടക്കൂട് ആവശ്യമാണ് എന്ന ബോധത്തിന്റെ വെളിച്ചത്തിൽ ,ഗവൺമെന്റ് നിർദ്ദേശാനുസരണം ഞങ്ങളും കൃത്യമായി പ്രവർത്തന പദ്ധതിയിലേക്ക് ഈ വർഷവും കടന്നു. അതനുസരിച്ച് 2025 മെയ് മാസം അവസാനവാരം എസ് .ആർ .ജി യോഗം ചേരുകയും വിവിധ വിഷയങ്ങളിൽ ഈ വർഷം സ്വീകരിക്കേണ്ടുന്ന പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കാൻ ഉള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. മാസ്റ്റർ പ്ലാൻ നിർവഹണത്തിനായി ഒരു കമ്മിറ്റി രൂപീകരിച്ചു. 2025 ജൂൺ 15 ന് മുൻപ് എല്ലാ വിഷയങ്ങളുടെയും പ്രവർത്തന പദ്ധതികൾ കോർത്തിണക്കി സമഗ്രമായ ഒരു വിദ്യാഭ്യാസ പദ്ധതി രൂപീകരിക്കുവാൻ യോഗത്തിൽ നിർദ്ദേശിക്കപ്പെട്ടു.

എല്ലാ അധ്യാപകരോടും ഒരാഴ്ചക്കുള്ളിൽ അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ ആസ്പദമാക്കി ലക്ഷ്യങ്ങളും പ്രവർത്തന പദ്ധതികളും ഉൾക്കൊള്ളുന്ന ഒരു രൂപരേഖ തയ്യാറാക്കുവാൻ ആവശ്യപ്പെട്ടു അതനുസരിച്ച്, എല്ലാ അധ്യാപകരും അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ കുറിച്ച് ആഴത്തിൽ പഠിക്കുകയും ഒരു വാർഷിക പ്രവർത്തന പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. നിർവഹണ കമ്മിറ്റിക്ക് മുൻപാകെ ഈ പദ്ധതി രേഖ സമർപ്പിക്കുകയും, വിശദമായ പരിശോധനകൾക്ക് ശേഷം ആവശ്യമായ തിരുത്തലുകൾ നൽകുകയും ചെയ്തു .അങ്ങനെ വിവിധ വിഷയങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തന പദ്ധതികൾ വിദ്യാലയത്തിലെ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തീർന്നു.

മാസ്റ്റർ പ്ലാനിന് ഏകദേശം രൂപം ആയതിനുശേഷം എസ് ആർ ജി യോഗം ചേരുകയും ,ഇതുവരെ നടന്ന പ്രവർത്തന പദ്ധതികൾ ആ യോഗത്തിൽ വച്ച് നിർവഹണ കമ്മിറ്റിയുടെ കൺവീനർ ശ്രീമതി ഷീന വി. വി. അവതരിപ്പിക്കുകയും ചെയ്തു.

St Thomas LPS Uppukulam

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് തോമസ് എൽ പി എസ് ഉപ്പുകുളം |
| വിലാസം | : | ഉപ്പുകുളം പി. ഒ . പാലക്കാട് 678 601 |
| സ്കൂൾ കോഡ് | : | 21865 |
| വിദ്യാഭ്യാസ ഉപജില്ല | : | മണ്ണാർക്കാട് |
| ബി ആർ സി | : | തെങ്കര |
| ഇമെയിൽ | : | st.thomaslps3@gmail.com |
| ഹെഡ്മാസ്റ്റർ | : | സജി ആന്റണി |

St.Thomas LPS Uppukulam

# ആമുഖം

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സബ് ജില്ലയിൽ അലനല്ലൂർ പഞ്ചായത്തിൽ ഉപ്പുകുളം എന്ന ഗ്രാമത്തിൽ അനേകായിരങ്ങൾക്ക്  അക്ഷര വെളിച്ചം പകർന്നു നൽകി നിലകൊള്ളുന്ന വിദ്യാലയമാണ് സെന്റ്തോമസ് എൽ.പി .സ്കൂൾഉപ്പുകുളം.  ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാകായിക രംഗത്തും ഒരുപോലെ   മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുകയും ചെയ്തു.  എൽ എസ് എസ്  മത്സരപരീക്ഷകളിൽ നിരന്തര പരിശീലനം നൽകിയതിന്റെ ഭാഗമായി പോയ വർഷം 5 എൽ എസ് എസ് നേടാൻ സാധിച്ചതിൽ അഭിമാനിക്കുന്നു.

പൊതുവിദ്യാലയങ്ങൾ മികവിന്റെ പടവിലേക്ക് വളരെ ഊർജ്ജസ്വലമായി മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുക ,കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ച് വിദ്യാലയത്തിൽ എത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സമഗ്രവും ഗുണമേന്മയുള്ളതും ശിശു സൗഹൃദപരവുമായ വിദ്യാഭ്യാസം നൽകുക എന്ന  ഗവൺമെന്റിന്റെ ലക്ഷ്യം ചുവടുപിടിച്ചുകൊണ്ട് സെന്റ്തോമസ് എൽ .പി .സ്കൂൾ ഉപ്പുകുളം വിദ്യാഭ്യാസപുരോഗതിക്കായി ലക്ഷ്യമിടുന്ന ചില പ്രവർത്തന പദ്ധതികൾ.

St.Thomas LPS Uppukulam

# നിലവിലുള്ള അവസ്ഥ

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ പഠനസൗകര്യമുണ്ട് .രണ്ടു ഡിവിഷനുകളിലായി പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു. ഒന്നു മുതൽ നാലു പേരെ **161** കുട്ടികളും പ്രീ പ്രൈമറി  ക്ലാസ്സിൽ **69** കുട്ടികളും ഉണ്ട് **S C** വിഭാഗത്തിൽ  **9** കുട്ടികളും, **126** കുട്ടികൾ അറബി ഭാഷയിലും പ്രാവീണ്യം നേടുന്നുണ്ട്. അക്കാദമിക പ്രവർത്തനങ്ങൾക്ക് കൂട്ടായ്മയോടെ പ്രവർത്തിക്കുന്ന നല്ലൊരു ടീം ഈ വിദ്യാലയത്തിനുണ്ട്.

ഒന്നു മുതൽ നാലു വരെ **9** അധ്യാപകർ സേവനം ചെയ്തു കൊണ്ടിരിക്കുന്നു ഒരാൾ ഇവരിൽ അറബി അധ്യാപികയാണ്. പ്രീ പ്രൈമറി ക്ലാസ്സിൽ രണ്ട് അധ്യാപകരും ഒരു സഹായിയും സേവനം ചെയ്യുന്നു .ഹരിത വിദ്യാലയത്തിന്റെ മനോഹാരിത നിലനിർത്തിക്കൊണ്ട് ഹരിത്യോദ്യാനവും ഔഷധത്തോട്ടവും ഒരുക്കിയിട്ടുണ്ട് .പൊതുവിദ്യാലയങ്ങളിലെ ഹൈടെക് സമീപനത്തോട് യോജിച്ചുകൊണ്ട് എല്ലാ അധ്യാപകരും ഐ സി ടി സാധ്യതകൾ പരമാവധി കുട്ടികളിൽ എത്തിച്ചുകൊണ്ട് പഠനം രസകരവും കൗതുകവും ആക്കാൻ ഏറെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു . ഇതിനായി കമ്പ്യൂട്ടറിൽ ലാബ് ഇന്ന് ഈ വിദ്യാലയത്തിനെ കൈമുതലായുണ്ട് .കുട്ടികൾക്ക് ഉല്ലസിക്കുന്നതിനായി മനോഹരമായ പാർക്ക് സജ്ജമാക്കിയിട്ടുമുണ്ട്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരയും കക്കൂസും ഉണ്ട്. കുടിവെള്ള ലഭ്യതയ്ക്ക് കിണറും പമ്പ് സെറ്റും ടാങ്കും വാട്ടർ പ്യൂരിഫയർ സ്ഥാപിച് കുട്ടികൾക്ക് ശുദ്ധമായ ജലം ലഭ്യമാക്കി കൊണ്ടിരിക്കുന്നു .പോഷകസമൃദ്ധമായ ആഹാരം പാചകം ചെയ്യുന്നതിന് വേണ്ടി അടുക്കള ,സ്റ്റോറും ,ചുറ്റമതിൽ കളിസ്ഥലം  എന്നിങ്ങനെ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം  പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സഹായം ഒരുക്കാനും സ്കൂളിന് സാധിക്കുന്നു.

St.Thomas LPS Uppukulam

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## (ഭൗതികം , സാമൂഹികം )

- ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കൽ
- പി ടി എ മാതൃകാപരമാക്കൽ
- എം .പി .ടി .എ കാര്യക്ഷമ മാക്കൽ
- പഠനോത്സവം
- സ്കൂളിനെ സമൂഹത്തിലേക്ക് അടുപ്പിക്കൽ
- പൂർവ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം കാര്യക്ഷമ മാക്കൽ

St.Thomas LPS Uppukulam

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## (അക്കാദമികം )

അക്കാദമിക മികവുകൾക്കായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ ക്ലാസ് സ്ഥലത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത് കൂടാതെ എൽഎസ്എസ് പരിശീലനം കല കായിക പ്രവർത്തി പരിചയ മത്സരങ്ങളിലെ വിജയം എന്നിവയ്ക്ക് വേണ്ടി പ്രത്യേകം പദ്ധതികളും ആവിഷ്കരിച്ചിരിക്കുന്നു.

## *എൽ എസ് എസ് പരിശീലനം*

| *ലക്ഷ്യം* | *പ്രവർത്തനം* | *സമയം* | *ഭൗതികം* | *പിന്തുണ സാമ്പത്തികം* |
|---|---|---|---|---|
| ■ എൽ എസ് എസ് പരിശീലനം കാര്യക്ഷമമാക്കുകയും മുൻവർഷത്തെ വിദേശതമാനത്തേക്കാൾ കൂടുതൽ വിജയം കൈവരിക്കുകയും ചെയ്യുക | ● പ്രീ ടെസ്റ്റ് നടത്തുന്നു<br>● പരിശീലനത്തിനുള്ളകുട്ടികളെ തിരഞ്ഞെടുക്കുന്നു .<br>● രക്ഷിതാക്കളുടെയോഗം സംഘടിപ്പിക്കുകയുംഅവരുടെ സഹകരണം ഉറപ്പുവരുത്തുന്നു<br>● നിരന്തരപരീക്ഷകൾ സംഘടിപ്പിക്കുന്നു<br>● ഓൺലൈൻപരിശീലനം സംഘടിപ്പിക്കുന്നു | ജൂലൈ - മാർച്ച് | ● പഠന പദ്ധതി രേഖ<br>● ചോദ്യപേപ്പർ<br>● പഠന സഹായികൾ | ● രക്ഷിതാക്കൾ<br>● പിടിഎ<br>● അധ്യാപകർ |

St.Thomas LPS Upppukulam

| | | | | |
|---|---|---|---|---|
| ■ കലാകായിക മത്സരങ്ങളിൽ ഓവറോൾ കരസ്ഥമാക്കുക | ● സ്കൂൾ തല സ്ക്രീനിംഗ്.<br>● കുട്ടികളെയും ഇനങ്ങളെയും തീരുമാനിക്കുന്നു<br>● നിരന്തര പരിശീലനം നൽകുന്നു | സെപ്റ്റംബർ- നവംബർ | ● മത്സര ഇനങ്ങൾ തയ്യാറാക്കുന്നു | ● രക്ഷിതാക്കൾ<br>● പിടിഎ<br>● അധ്യാപകർ |

## സ്കൂൾ പ്രവൃത്തി പരിചയമേള

| *ലക്ഷ്യം* | *പ്രവർത്തനം* | *സമയം* | *ഭൗതികം* | *പിന്തുണ സാമ്പത്തികം* |
|---|---|---|---|---|
| ● കുട്ടികളുടെ പ്രവൃത്തി പരിചയ ശേഷിപോഷിപ്പിക്കുക<br>● സബ്ജില്ലാ മേളയിൽ ഓവറോൾ കരസ്ഥമാക്കുക | ● ക്ലാസ് തല പ്രവൃത്തി പരിചയ പ്രവർത്തനം കാര്യക്ഷമമാക്കുക.<br>● കുട്ടികളുടെ കഴിവുകളെ കണ്ടെത്തി വേണ്ട പിന്തുണ നൽകുക.<br>● സ്കൂൾതല പ്രവർത്തി പരിചയമേള സംഘടിപ്പിക്കുക.<br>● സബ്ജില്ലാതലത്തിലേക്ക് പരിശീലനം നൽകുക. | ആഗസ്റ്റ് ഒന്നാം വാരം | ● പ്രവർത്തിപരിചയമേള പരിശീലനം<br>● ട്രോഫി | ● അധ്യാപകർ<br>● പിടിഎ |

St. Thomas LPS Uppukulam

## സ്കൂൾ പഠനയാത്ര , പ്രകൃതി പഠന ക്യാമ്പ്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ● വിനോദത്തിൽ ഊന്നിയ പഠനാനുഭവങ്ങൾ നൽകുക.<br>● ക്ലാസ് മുറിക്ക് പുറത്തുനിന്നുള്ള പഠനാന്തരീക്ഷം ഒരുക്കുക. | ● പ്രീ പ്രൈമറി എൽപി വിഭാഗം കുട്ടികൾക്കായി പഠനയാത്ര സംഘടിപ്പിക്കുക.<br>● ലഘു ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക. | ● നവംബർ ജൂൺ | ● വാഹന സൗകര്യം | ● രക്ഷിതാക്കൾ<br>● ഫോറസ്റ്റ് ഓഫീസ് ചോലമണ്ണ് |

## സ്കൂൾ കലോത്സവം

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ● കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക | ● ക്ലാസ് തല സർഗ്ഗ വേളകൾ കാര്യക്ഷമമാക്കുക<br>● കുട്ടികളുടെ കഴിവുകളെ കണ്ടെത്തി വേണ്ട പിന്തുണ നൽകുക<br>● സ്കൂൾതല കലാകായിക മേള സംഘടിപ്പിക്കുക<br>● സബ്ജില്ലാതലത്തിലേക്ക് പരിശീലനം | ● ജൂലൈ- സെപ്റ്റംബർ<br>● ജനുവരി | ● വാട്സ്ആപ്പ് കൂട്ടായ്മ പരിശീലനം<br>● സ്റ്റേജ്<br>● ട്രോഫി | ● അധ്യാപകർ<br>● പിടിഎ |

St.Thomas LPS Uppukulam

# സ്കൂൾ കായികമേള

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ● കുട്ടികളുടെ കായിക ശേഷി പോഷിപ്പിക്കുക<br>● സോണൽ കായികമേളയിൽ ഓവറോൾ കരസ്ഥമാക്കുക<br>● സബ്ജില്ലാ കായികമേളയിൽ ഉന്നത വിജയം നേടുക | ● ക്ലാസ് തല പി ടി എ കാര്യക്ഷമമാക്കുക.<br>● കുട്ടികളുടെ കഴിവുകളെ കണ്ടെത്തി വേണ്ട പിന്തുണ നൽകുക<br>● സ്കൂൾ തല കായികമേള സംഘടിപ്പിക്കുക.<br>● സബ്ജില്ലാതലത്തിലേക്ക് പരിശീലനം നൽകുക<br>● ഡ്രിൽ സൂംബാ ഡാൻസ് എന്നിവ സംഘടിപ്പിക്കുക | ● ജൂൺ ഫെബ്രുവരി<br>● ഒക്ടോബർ<br>● ആഴ്ചയിൽ ഒരു ദിവസം | ● പന്ത്<br>● ജമ്പിങ്,<br>● സ്കിപ്പിംഗ്<br>● റോപ്പ്,<br>● റിങ് പരിശീലനം<br>● പാർക്ക്<br>● ട്രോഫി | ● അധ്യാപകർ<br>● പിടിഎ<br>● ക്ലബ്ബുകൾ |

# സ്റ്റെപ് (കൈത്താങ്ങ്)

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ● പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അടിസ്ഥാനശേഷികൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ● പ്രീ ടെസ്റ്റ് നടത്തുന്നു<br>● പരിശീലനത്തിനുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു.<br>● രക്ഷിതാക്കളുടെ യോഗം സംഘടിപ്പിക്കുന്നു.<br>● പ്രത്യേക മോഡ്യൂൾ തയ്യാറാക്കുന്നു | ● ആഗസ്റ്റ് - നവംബർ | ● പഠന പദ്ധതി രേഖ | ● രക്ഷിതാക്കൾ<br>● പിടിഎ<br>● അധ്യാപകർ |

St.Thomas LPS Uppukulam

# മറ്റ് വിഷയാനുബന്ധ പ്രവർത്തനങ്ങൾ

## ENGLISH

| *AIM* | *ACTIVITIES* | *PERIOD* | *PHYSICAL SUPPORT* | *ECONOMICAL SUPPORT* |
|---|---|---|---|---|
| **➔ All round development of students in English language** | **➔ Conduct English assembly in a week<br>➔ conduct dictation everyday<br>➔ read English paragraph every day<br>➔ one word one day in school assembly** | **One year** | | **➔ English teachers** |
| **➔ Improve English communication skills among students** | **➔ Reading Competition<br>➔ 100 words challenge -dictation<br>➔ English magazine** | **One year** | **➔ Paper<br>➔ A4 sheet<br>➔ chart<br>➔ marker** | **➔ Students<br>➔ Teachers** |
| **➔ Improve artistic skill among student** | **➔ Train students for school kalolsavam<br>➔ English fest** | **One year** | **➔ Sound setting** | **➔ Staff<br>➔ P T A** |

St. Thomas LPS Uppukulam

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ➢ ഗണിതത്തിൽ താൽപര്യം ജനിപ്പിക്കുന്നതിന് | ➢ ക്ലബ്ബ് രൂപീകരണം | ➢ ജൂൺ | ➢ ചാർട്ട് | ➢ ഗണിത ക്ലബ്ബ് |
| ➢ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിൽ എത്തിക്കുന്നതിന് | ➢ ഉല്ലാസ ഗണിതം ഗണിത പഠനകളിലൂടെ | ➢ ജൂൺ-ഡിസംബർ | ➢ ഉല്ലാസ ഗണിതം<br>➢ ഗണിത കിറ്റ്<br>➢ ചാർട്ട്,ഐടിസി | ➢ ക്ലാസ് ടീച്ചർ<br>➢ പി ടി എ |
| ➢ ഗണിത പഠന പ്രവർത്തനങ്ങൾ രസകരവും ജീവിതഗന്ധിയും സുഗമമാക്കുവാൻ | ➢ അബാക്കസ്, സ്ഥാനവില പോക്കറ്റ്,<br>➢ ഗണിത മൂലനിർമ്മാണം | ➢ ജൂലൈ | ➢ ഗണിതമൂല | ➢ ക്ലാസ് ടീച്ചർ<br>➢ പി ടി എ |
| ➢ ഗണിത ശാസ്ത്ര പഠനത്തിൽ അറിവ് വർദ്ധിപ്പിക്കാൻ | ➢ ഗണിത ക്വിസ് | ➢ ജൂലൈ ഫെബ്രുവരി | ➢ ചാർട്ട് | ➢ ഗണിത ക്ലബ്ബ് |
| ➢ ഗണിതശാസ്ത്ര പഠനം കലാനുഗതമാക്കുന്നതിന് | ➢ ദേശീയ പതാക നിർമ്മാണം | ➢ ആഗസ്റ്റ് 15 | ➢ ചാർട്ട്<br>➢ A4 | ➢ ക്ലാസ് ടീച്ചർ<br>➢ പി ടി എ |

St.Thomas LPS Uppukulam

| | | | | |
|---|---|---|---|---|
| ➢ ഗണിതം രസകരവും കരചലനശേഷി വികാസത്തിനും | ➢ ഒറിഗാമി | ➢ ആഗസ്റ്റ് | ➢ കളർ പേപ്പർ<br>➢ കത്രിക പശ | ➢ ക്ലാസ് ടീച്ചർ<br>➢ പി ടി എ |
| ➢ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്താൻ | ➢ ഐസിടി സാധ്യത പ്രയോജനപ്പെടുത്തി ഗണിത പസിൽ ജോമെടിക് പാറ്റേൺ പ്രദർശനം | ➢ സെപ്റ്റംബർ | ➢ I C T | ➢ ഗണിത ക്ലബ്ബ് |
| ➢ ജാമിതീയ രൂപങ്ങളുടെ അവബോധം | ➢ പൂക്കളം വരയ്ക്കൽ | ➢ സെപ്റ്റംബർ | ➢ എ ഫോർ ഷീറ്റ് | ➢ ഗണിത ക്ലബ്ബ് |
| ➢ ഗണിതം മധുരം ആക്കാൻ | ➢ ടാൻഗ്രാം രൂപങ്ങൾ | ➢ ഒക്ടോബർ | കളർ പേപ്പർ ചാർട്ട് | ➢ ഗണിത ക്ലബ്ബ് |
| ➢ ഗണിതശാസ്ത്രപരമായ അറിവ് കണ്ടെത്തുന്നതിനും ശേഖരിക്കുന്നതിനും | ➢ ഗണിത പതിപ്പ് | ➢ നവംബർ | ➢ എ ഫോർ ഷീറ്റ് | ➢ ഗണിത ക്ലബ്ബ് |
| ➢ ഗണിതശാസ്ത്ര പഠനം കൂടുതൽ രസകരമാക്കാൻ | ➢ ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ | ➢ ആഗസ്റ്റ്-ഡിസ | ➢ എ ഫോർ ഷീറ്റ് ലൈബ്രറി | ➢ ഗണിത ക്ലബ്ബ് |
| ➢ ഗണിതം ലളിതമാക്കാൻ | ➢ ഗണിത കഥ<br>➢ ഗണിത കളികൾ<br>➢ മെടിക് മേള,ഗണിതോത്സവം | ➢ ജനുവരി<br>➢ ഫെബ്രുവരി | ➢ പ്രദർശനം<br>➢ കലാപരിപാടികൾ | ➢ ക്ലാസ് ടീച്ചർ<br>➢ പി ടി എ |

St.Thomas LPS Uppukulam

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ■ പരിസ്ഥിതി സംരക്ഷണം<br>■ ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങൾ തിരിച്ചറിയുന്ന | പരിസ്ഥിതി ദിനാഘോഷം<br>■ ക്വിസ്, പ്രസംഗം, റാലി ,പോസ്റ്റർ രചന<br>■ വൃക്ഷത്തൈ നടൽ പൂന്തോട്ട പച്ചക്കറി നിർമ്മാണം<br>■ ലഹരി വിരുദ്ധ ദിനം, റാലി സന്ദേശം തെരുവ് നാടകം പ്രതിജ്ഞ | ■ ജൂൺ 5<br>■ ജൂൺ 26 | ■ എ ഫോർ<br>■ ക്രയോൺ<br>■ വിത്തുകൾ<br>■ കാർഡ്ബോർഡ്<br>■ ചരട് | ■ പിടിഎ<br>■ എം പി ടി എ<br>■ സ്റ്റാഫ് ക്ലാസ്<br>■ അധ്യാപകർ<br>■ ഫോറസ്റ്റ് ഓഫീസർ |
| ■ ബഹിരാകാശ യാത്രയെ കുറിച്ചുള്ള ധാരണ | ചാന്ദ്രദിനം<br>■ ക്വിസ് ,ചാന്ദ്രദിനപാട്ട് ,വീഡിയോ പ്രദർശനം ,<br>■ പോസ്റ്റർ രചന ,പ്രസംഗം | ■ ജൂലൈ 21 | ■ പ്രൊജക്ടർ<br>■ റിസോഴ്സ് പേഴ്സണൽ | ■ അധ്യാപകർ<br>■ പിടിഎ |
| ■ കർഷക ദിനാചരണം ചിങ്ങം ഒന്ന് | ■ കർഷകരുമായി അഭിമുഖം സംഘടിപ്പിക്കുന്ന | ■ ആഗസ്റ്റ് 17 | ■ റിസോഴ്സസ് പേഴ്സണൽ | ■ അധ്യാപകർ |
| ■ ആവാസ വ്യവസ്ഥകൾ തിരിച്ചറിയുക | ■ പ്രകൃതി നടത്തം | ■ ആഗസ്റ്റ് 18 | | ■ അധ്യാപകർ |
| ■ പരിസര ശുചീകരണം രോഗങ്ങളെ | ■ കൊതുക നിവാരണ പ്രവർത്തനങ്ങൾ<br>■ ബോധവൽക്കരണ ക്ലാസ് | ■ ആഗസ്റ്റ് 20 | | ■ അധ്യാപകർ<br>■ പിടിഎ |

St. Thomas LPS Upppukulam

| | | | | |
|---|---|---|---|---|
| അകറ്റിനിർത്തൽ | | | | |
| ■ മായം ചേർക്കാത്ത നാടൻ ഭക്ഷ്യവിഭവങ്ങളുടെ പ്രധാന്യം തിരിച്ചറിയുക | ■ നാടൻ ഭക്ഷ്യവിഭവങ്ങളുടെ പ്രദർശനം | ■ ഒക്ടോബർ 16 | ■ പ്ലേറ്റുകൾ | ■ അധ്യാപകർ<br>■ പിടിഎ |
| ■ വീട്ടിൽ ഒരു അടുക്കളത്തോട്ടം<br>■ പ്രകൃതിസ്നേഹം സഹജീവി സ്നേഹം തുടങ്ങിയ വയ്ക്കുക | ■ വിത്തുകൾ നൽകി വീടുകളിൽ അടുക്കള തോട്ടം നിർമ്മിക്കുന്നു | ■ നവംബർ 10 -നവംബർ 12 | ■ വിത്തുകൾ<br>■ വളം<br>■ ബൈനോക്കുലർ | ■ അധ്യാപകർ<br>■ പിടിഎ |
| ■ നിരീക്ഷണം ,പരീക്ഷണം, നിഗമന രൂപീകരണം തുടങ്ങിയ പ്രക്രിയ ശേഷികളുടെ വികാസം | ■ പക്ഷി നിരീക്ഷണം | ■ ജൂൺ- ഫെബ്രുവരി | ■ പരീക്ഷണ സാമഗ്രികൾ | ■ സ്റ്റാഫ് പക്ഷി<br>■ നിരീക്ഷകർ |
| ■ ശാസ്ത്ര പഠനം രസകരമാക്കുക<br>■ അറിവുകൾ സാമൂഹിക നിർമ്മിതിക്ക് ഉപയോഗിക്കുക. | ■ ഓരോ ക്ലാസിലും പരീക്ഷണങ്ങൾ<br>■ ഫീൽഡ് ട്രിപ്പ്<br>■ ശാസ്ത്ര മാസിക<br>■ നിർമ്മാണം<br>■ പഠനോപകരണ പ്രദർശനം | ■ ഫെബ്രുവരി 10-<br>■ മാർച്ച് 4 | ■ A 4 | ■ അധ്യാപകർ<br>■ കുട്ടികൾ |

St.Thomas LPS Uppukulam

# സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ◆ സ്കൂൾ പാർലമെന്റ് പാർലമെന്റ് ബോഡിയെക്കുറിച്ച് മനസ്സിലാക്കുന്നതിലൂടെ പാർലമെന്ററി ജനാധിപത്യരീതി എന്താണെന്നും അതിന്റെ സവിശേഷതകളും കുട്ടികളെ ബോധിപ്പിക്കുക | ◆ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്ന ക്ലാസ്സ് ലീഡറും സ്കൂൾ ലീഡറെയും വിദ്യാർത്ഥി പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു | ◆ ജൂലൈ മൂന്നാം വാരം | ◆ ഐ സി ടി<br>◆ ലാപ്പ്ടോപ്പ്<br>◆ സൗണ്ട് സിസ്റ്റം | ◆ അധ്യാപകർ<br>◆ കുട്ടികൾ |
| ◆ യുദ്ധവിരുദ്ധ മനോഭാവം വളർത്തുക<br>◆ വളർന്നുവരുന്ന പുതിയ തലമുറയെ സമാധാനപ്രിയരാക്കുക. | ◆ ഹിരോഷിമ നാഗസാക്കി ദിനം<br>◆ സഡാക്കോ കൊക്ക് നിർമ്മാണം | ◆ ഓഗസ്റ്റ് 6 ഓഗസ്റ്റ് 9 | ◆ | ◆ അധ്യാപകർ<br>◆ കുട്ടികൾ |
| ◆ ദേശീയത ദേശീയ സ്നേഹം എന്നിവ വളർത്തുക | ◆ കിറ്റ് ഇന്ത്യ ദിനാചരണം | ◆ ഓഗസ്റ്റ് 9 | ◆ പ്ലക്കാർഡ് പോസ്റ്റർ | ◆ അധ്യാപകർ<br>◆ പിടിഎ |

St.Thomas LPS Uppukulam

| | | | | |
|---|---|---|---|---|
| ◆ മതനിരപേക്ഷത ബഹുസ്വരത ജനാധിപത്യം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ ഉണ്ടാക്കുക | ◆ സ്വാതന്ത്ര്യദിനാഘോഷം<br>◆ ഐടി അധിഷ്ഠിത പ്രശ്നോത്തരി<br>◆ സ്കിറ്റ്,<br>◆ പ്രസംഗമത്സരം<br>◆ പതാക നിർമ്മാണം<br>◆ ദേശഭക്തിഗാന മത്സരം<br>◆ കൊളാഷ്<br>◆ പ്ലക്കാർഡ് നിർമ്മാണം | ◆ ഓഗസ്റ്റ് 15 മുതൽ ഓഗസ്റ്റ് 15 വരെ | ◆ ഐ സി ടി<br>◆ ലാപ്ടോപ്പ്<br>◆ സൗണ്ട് സിസ്റ്റം | ◆ അധ്യാപകർ<br>◆ പിടിഎ |
| ◆ രാഷ്ട്രപിതാവിനെ പരിചയപ്പെടൽ<br>◆ രാഷ്ട്രപിതാവിന്റെ ത്യാഗോജ്ജ്വലമായ സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾ കുട്ടികളിൽ എത്തിക്കുക. | <u>ഗാന്ധി ദിനം/ അഹിംസ ദിനം</u><br>◆ ഗാന്ധി പതിപ്പ്<br>◆ ഗാന്ധിജിയുടെ സന്ദേശങ്ങൾ അടങ്ങിയ ചാർട്ട് പ്രദർശനം | ◆ ഒക്ടോബർ 2 | ◆ ഐ സി ടി<br>◆ ലാപ്ടോപ്പ്<br>◆ സൗണ്ട് സിസ്റ്റം | ◆ അധ്യാപകർ |
| ◆ ഭക്ഷ്യധാന്യങ്ങളുടെ ക്രിയാത്മകമായ ഉപയോഗം, സംരക്ഷണം കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നു. | <u>ലോക ഭക്ഷ്യ ദിനാചരണം</u><br>◆ മായം ചേർക്കാത്ത ഭക്ഷണം ഉണ്ടാക്കിയ ഭക്ഷ്യമേള സംഘടിപ്പിക്കുന്നു | ◆ ഓഗസ്റ്റ് ഒക്ടോബർ | ◆ | ◆ അധ്യാപകർ<br>◆ രക്ഷിതാക്കൾ |
| ◆ വിദ്യാർത്ഥികളിൽ ദേശീയതയും അഖണ്ഡതയും | <u>കേരള പിറവി ദിനം</u><br>◆ കേരളം അടിസ്ഥാന വിവരങ്ങൾ | ◆ നവംബർ 1 | ◆ | ◆ അധ്യാപകർ |

St.Thomas LPS Uppukulam

| | | | | |
|---|---|---|---|---|
| വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. | ക്വിസ്<br>◆ പതിപ്പ് നിർമ്മാണം<br>◆ സ്കിറ്റ് | | | |
| ◆ കുട്ടികളിൽ ദേശീയ ബോധം സൃഷ്ടിക്കാൻ സഹായിക്കുന്ന പ്രോഗ്രാമുകൾ ആസൂത്രണം ചെയ്യുക. | ശിശുദിനം<br>◆ നെഹ്റുവിന്റെ മഹത് വചനങ്ങൾ പ്രദർശനം<br>◆ ശിശുദിന കൊളാഷ്<br>◆ ശിശുദിന റാലി<br>◆ കിഡ്സ് ഫെസ്റ്റ് | ◆ നവംബർ 14 | ◆ ലാപ്ടോപ്പ്<br>◆ സൗണ്ട് സിസ്റ്റം | ◆ അധ്യാപകർ<br>◆ തദ്ദേശവാസികൾ |
| ◆ നക്ഷത്രങ്ങൾ ,ഗ്രഹങ്ങൾ എന്നിവയെ കുറിച്ച് പഠിക്കുന്നതിനും നിരീക്ഷിക്കുന്നതിനും വേണ്ടി | വാനനിരീക്ഷണ ക്യാമ്പ്<br>◆ ബഹിരാകാശം ചാന്ദ്രയാത്രകൾ ഗ്രഹങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം<br>◆ ശില്പശാല<br>◆ റോക്കറ്റ് നിർമ്മാണം<br>◆ കവിത ,<br>◆ പോസ്റ്റർ ,<br>◆ പ്രസംഗം | ◆ ജൂലൈ 21 | ◆ പ്രൊജക്ടർ<br>◆ റിസോഴ്സ് പേഴ്സണൽ | ◆ അധ്യാപകർ<br>◆ പിടിഎ |
| ◆ വിദ്യാർത്ഥികളിൽ ദേശീയതയും അഖണ്ഡതയും | ◆ റിപ്പബ്ലിക് ദിനാഘോഷം<br>◆ ഭരണഘടന പ്രധാന ആശയങ്ങൾ | ◆ ജനുവരി 26 | ◆ സൗണ്ട് സിസ്റ്റം | ◆ അധ്യാപകർ<br>◆ പിടിഎ |

St.Thomas LPS Uppukulam

| | | | | |
|---|---|---|---|---|
| വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | സന്ദേശം നൽകുന്നു | | | |
| ◆ അശരണരും പിന്തുണാർഹരുമായ വിഭാഗങ്ങളെ സേവിക്കുന്നതിലൂടെ മാനവ സേവ എന്ന മനോഭാവം കുട്ടികളിൽ ഉണ്ടാക്കുന്നു. | ◆ പാലിയേറ്റീവ് കെയർ സെന്റർ സന്ദർശനം<br>◆ വയോജന പരിപാലനം | ◆ ഫെബ്രുവരി | ◆ റിസോഴ്സ് പേഴ്സണൽ | ◆ അധ്യാപകർ<br>◆ പിടിഎ |
| ◆ സ്കൂൾ അടുക്കളയിലേക്ക് ഒരു മുറം പച്ചക്കറി ഞങ്ങളുടെ വക നൽകുന്നു പ്രദർശനം ഒരുക്കുന്നു | ◆ വീട്ടിൽ ഉണ്ടാക്കിയ പച്ചക്കറികൾ സ്കൂൾ ഭക്ഷണ പദ്ധതിയിലേക്ക് നൽകുന്നു<br>◆ പ്രദർശനം സംഘടിപ്പിക്കുന്നു | ◆ ആഗസ്റ്റ് | ◆ റിസോഴ്സ് പേഴ്സണൽ | ◆ അധ്യാപകർ<br>◆ പിടിഎ |

St.Thomas LPS Uppukulam

# അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|
| ➔ അറബി ഭാഷയുടെ പ്രശസ്തി യെ മറ്റുള്ളവർക്ക് ബോധ്യപ്പെടുത്തൽ | ➔ അലിഫ് അറബിക് ക്ലബ്ബ് രൂപീകരിക്കുന്നു<br>➔ ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ ദിനാചരണങ്ങൾ ആഘോഷിക്കുന്നു<br>➔ മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ➔ ജൂൺ | ➔ റിസോഴ്സ് പേഴ്സണൽ | ➔ അധ്യാപകർ<br>➔ രക്ഷിതാക്കൾ |
| ➔ അറബി ഭാഷ എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുന്നു | ➔ പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നു<br>➔ അക്ഷര കാർഡ് വായന കാർഡ് എന്നിവ നൽകി അവരെ മുൻപന്തിയിൽ എത്തിക്കുന്നു.<br>➔ അക്ഷരങ്ങൾ ഉറപ്പിക്കുന്നു<br>➔ വായന ഉറപ്പിക്കുന്നു | ➔ ജൂൺ-ഡിസംബർ | ➔ റിസോഴ്സ് പേഴ്സണൽ | ➔ അധ്യാപകർ രക്ഷിതാക്കൾ |
| ➔ ഭാഷ ശേഷി വർദ്ധിപ്പിക്കുക | ➔ അറബി ഭാഷയുമായി ബന്ധപ്പെട്ട മത്സരങ്ങൾ നടത്തുന്നു. | ➔ ജൂൺ-ഡിസംബ | ➔ റിസോഴ്സ് പേഴ്സണൽ | ➔ അധ്യാപകർ<br>➔ രക്ഷിതാക്കൾ |

St.Thomas LPS Uppukulam

| | | | | |
|---|---|---|---|---|
| | ➔ വായിക്കുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ നൽകുന്ന<br>➔ എല്ലാ വെള്ളിയാഴ്ചയും അറബിക് അസംബ്ലി നടത്തൽ<br>➔ അറബിക് ന്യൂസ് വായന അസംബ്ലിയിൽ അറബി ചിന്താവിഷയം നൽകൽ | ർ | | |
| ➔ സർഗാത്മക കഴിവുകളെ വികസിപ്പിക്കൽ | ➔ കയ്യെഴുത്ത് മാസിക നിർമ്മാണം<br>➔ അലിഫ് ടാലന്റ് ടെസ്റ്റിന് കുട്ടികളെ പ്രാപ്തരാക്കൽ<br>➔ വിവിധ കലോത്സവ മത്സരങ്ങളിലേക്ക് കുട്ടികളെ കണ്ടെത്തൽ<br>➔ പരിശീലനം നൽകൽ | ➔ ജൂൺ- ഒക്ടോബർ | ➔ റിസോഴ്സ് പേഴ്സണൽ | ➔ അധ്യാപകർ<br>➔ പിടിഎ |
| ➔ അറബി ഭാഷയുടെ പ്രശസ്തിയെ മറ്റുള്ളവർക്ക് ബോധ്യപ്പെടുത്തൽ | ➔ ലോക അറബി ഭാഷാ ദിനാചരണം<br>➔ അറബി ഭാഷാ ദിന സന്ദേശം നൽകാൻ<br>➔ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ | ➔ ഡിസംബർ | ➔ റിസോഴ്സ് പേഴ്സണൽ | ➔ അധ്യാപകർ<br>➔ രക്ഷിതാക്കൾ |

St.Thomas LPS Uppukulam

# *വിദ്യാരംഗം കലാസാഹിത്യവേദി*

| *ലക്ഷ്യം* | *പ്രവർത്തനം* | *സമയം* | *ഭൗതികം* | *പിന്തുണ സാമ്പത്തികം* |
|---|---|---|---|---|
| ◆ വായന പരിപോഷിപ്പിക്കുക | ◆ പുസ്തക പരിചയം,ആസ്വാദനക്കുറിപ്പ് | ◆ ജൂലൈ - ഡിസംബർ | ◆ ലൈബ്രറി | ◆ സ്റ്റാഫ് |
| ◆ സർഗാത്മക രചനകൾ | ◆ കഥാ,കവിത രചന | ◆ ജൂൺ ജൂലൈ | ◆ ലൈബ്രറി | ◆ പിടിഎ സ്റ്റാഫ് |
| ◆ ബഷീർ സാഹിത്യത്തെ പരിചയപ്പെടൽ | ◆ കഥാപാത്രങ്ങളെ അവതരിപ്പിക്കൽ വിവിധ പുസ്തകങ്ങൾ വായിക്കാൻ | ◆ ജൂലൈ | ◆ | ◆ പിടിഎ |
| ◆ വായനാവാരം | <u>വായനാദിനം</u><br>◆ വിവിധ മത്സരങ്ങൾ നട*ത്തി* ക്വിസ് പി എൻ പണിക്കർ അനുസ്മരണം വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് വായനാ മത്സരം | ◆ ജൂൺ 19 മുതൽ 25 വരെ | ◆ ലൈബ്രറി | ◆ പിടിഎ സ്റ്റാഫ് |
| ◆ വാങ്മയം | ◆ വാങ്മയംമത്സര പരീക്ഷ നടത്തുകയും<br>◆ വിജയികൾക്ക് സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കുവാൻ അവസരം ഒരുക്കുകയും ചെയ്യുന്നു. | ◆ ജൂലൈ | ◆ A4 | ◆ ലൈബ്രറി, വിദ്യാരംഗം കോഡിനേറ്റർ |
| ◆ സർഗോത്സവം | ◆ കഥ രചന കവിതാരചന ചിത്രരചന അഭിനയം തുടങ്ങിയവ പുലർത്തുന്ന കുട്ടികളെ കണ്ടെത്തുന്നു<br>◆ അവർക്ക് സർഗോത്സവത്തിൽ പങ്കെടുക്കുവാനുള്ള പരിശീലനം നൽകുന്നു | ◆ ജൂലൈ | ◆ റിസോഴ്സ് പേഴ്സണൽ | ◆ പിടിഎ സ്റ്റാഫ് |

St Thomas LPS Uppukulam

# ഉപസംഹാരം

***സെന്റ് തോമസ് എൽ പി*** **സ്കൂളിന്റെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉത്തമ പൗരന്മാരെ രൂപപ്പെടുത്തുന്ന മനുഷ്യത്വമുള്ള സാമൂഹ്യ നിർമ്മിതിക്ക് മൂല്യവിദ്യാഭ്യാസം കൂടിയ തീരു, ശരിയേത് തെറ്റേത് എന്ന് തിരിച്ചറിഞ്ഞ് തെറ്റ് ചെയ്യാതിരിക്കാനുമുള്ള പ്രാപ്തി നേടാൻ ഓരോരുത്തരെയും സജ്ജമാക്കുന്ന പ്രക്രിയ ആണല്ലോ വിദ്യാഭ്യാസം. എന്നാൽ,വിദ്യാഭ്യാസരംഗത്തെ അപചയങ്ങൾ ഇപ്പോൾ തന്നെ ദൂരവ്യാപകമായി ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്ന ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളിയാകുക എന്നുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് . നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിന് ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു....................**

St.Thomas LPS Uppukulam